

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മണലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9)1607/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9)1607/2023 തീയ്യതി: 04/11/2023

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-12-2022 മുതൽ 14-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു പി.എസ്	ഡെപ്യൂട്ടി ഡയറക്ടർ	15-09-2023	23-09-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-09-2023	23-09-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സബിത എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സുധ ഇ. എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ ഇ. സി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ജോൺസൺ പി.ടി	പ്രസിഡന്റ്	01-04-2022	31-03-2023
സൂര്യകുമാരി.എസ്	സെക്രട്ടറി	01-04-2022	09-05-2022

എം.ബി ശ്രീനിവാസൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	10-05-2022	25-05-2022
സൂര്യകുമാരി എസ്	സെക്രട്ടറി	26-05-2022	02-10-2022
ദീപ എം.കെ	സെക്രട്ടറി	03-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീനിവാസൻ എം.ബി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	02-11-2022
മഞ്ജുള ബോസ്	അസിറ്റന്റ് സെക്രട്ടറി	03-11-2022	31-03-2023
ഇഖ്ബാൽ പി.എ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
നിഖിത ഒ.എം	കൃഷി ഓഫീസർ	01-04-2022	03-08-2022
ലക്ഷ്മി മോഹൻ	കൃഷി ഓഫീസർ (ഇൻ ചാർജ്ജ്)	04-08-2022	31-03-2023
വസുമതി കെ.ബി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	31-03-2023
എം.എ സ്മിത	വി ഇ ഒ (കാരമുക്ക് സർക്കിൾ)	01-04-2022	19-05-2022
സിന്ധു കെ	വി ഇ ഒ (കാരമുക്ക് സർക്കിൾ) (ഇൻ ചാർജ്ജ്)	20-05-2022	11-08-2022
ഷിജി കെ.യു	വി ഇ ഒ (കാരമുക്ക് സർക്കിൾ)	12-08-2022	31-03-2023
സിന്ധു കെ	വി ഇ ഒ (കാഞ്ഞാണി സർക്കിൾ)	01-04-2022	31-03-2023
എം.എ സ്മിത	വി ഇ ഒ (മണലൂർ സർക്കിൾ) (ഇൻ ചാർജ്ജ്)	01-04-2022	20-04-2022
വൽസല കെ	വി ഇ ഒ (മണലൂർ സർക്കിൾ)	21-04-2022	31-03-2023
ഡോ.ഷാബു കെ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	31-03-2023
ഡോ.അഞ്ജു അന്ന ജെയിംസ്	വെറ്ററിനറി സർജ്ജൻ	01-04-2022	31-03-2023
പ്രവീൺ ബി വിശ്വം	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	31-03-2023
റെജില	പ്രധാന അദ്ധ്യാപിക	01-04-2022	31-03-2023
ഷീല ടി.ജി	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2022	25-11-2022
സ്മൃതി വാസുദേവൻ	ഡയറിഫാം ഇൻസ്ട്രക്ടർ	26-11-2022	31-01-2023
അനൂപ് സോമൻ	ഡയറിഫാം ഇൻസ്ട്രക്ടർ	01-02-2023	31-03-2023
ഡോ.അജയ് രാജൻ	മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.)	01-04-2022	31-10-2022
ഡോ.സൗമ്യ.കെ.എസ്.	മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.)	01-11-2022	06-01-2023

ഡോ.അജയ് രാജൻ	മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.)	07-01-2023	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-1
3	സംയുക്ത പ്രൊജക്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-2
4	Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി	1-1-3
5	സംയുക്ത പ്രൊജക്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം-ചെലവിന് ആനുപാതികമായി വരവ് രേഖപ്പെടുത്തിയില്ല	1-1-4
6	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-5
7	പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല	1-1-6
8	ശീർഷകം തെറ്റിയതിനാൽ മുൻവർഷത്തെ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-7
9	കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല	1-1-8
10	അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികം	1-1-9
11	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-10
12	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-11
13	അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല	1-1-12
14	Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല	1-1-13
15	ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല	1-1-14
16	വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-15
17	ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-16

18	കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-17
19	പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	1-1-18
20	വാർഷിക കണക്കുകളുടെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല/ശരിയായി പരിപാലിക്കുന്നില്ല	1-1-19
21	MGNREGS-വാർഷിക കണക്കിലെ തുകകളും പദ്ധതി പ്രകാരമുള്ള കാഷ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല	1-1-20
22	വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല	1-1-21
23	ബജറ്റ്	1-2
24	ഗ്രാന്റ് വിനിയോഗം	1-3
25	പദ്ധതി അവലോകനം	1-4
26	തൊഴിലുറപ്പ് പദ്ധതി	1-5
27	ക്ഷേമ പദ്ധതികൾ	1-6
28	ക്യാഷ് ബാലൻസ് പരിശോധന	1-7
29	ആഭ്യന്തര നിയന്ത്രണം	1-8
30	ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ-അവലോകനം	1-9
31	ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഹോം സ്റ്റേകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്	1-10
32	ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബ് പ്രകാരം ഈടാക്കിയിട്ടില്ല	1-11
33	പഞ്ചായത്ത് പരിധിയിൽ പാർപ്പിടാവശ്യഗണത്തിൽ ഉള്ള കെട്ടിടത്തിൽ റിസോർട്ട് പ്രവർത്തിച്ചു വരുന്നു	1-12
34	പഞ്ചായത്ത് ഉടമസ്ഥതയിലുള്ള അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുന്ന വാണിജ്യകെട്ടിടം ലൈസൻസോടു കൂടി പ്രവർത്തിക്കുന്നു	1-13
35	അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല	1-14
36	പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് തെറ്റായ രീതിയിൽ എഴുതി സൂക്ഷിക്കുന്നു	1-15
37	ലീഗൽ ചാർജ്ജിനത്തിൽ നൽകിയ മുഴുവൻ തുകയുടെയും ആദായ നികുതി കുറവ് ചെയ്തിട്ടില്ല	1-16
38	ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു	1-17
39	വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്	1-18

40	തെരുവ് വിളക്ക് വൈദ്യുതി ചാർജ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-19
41	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിയ്ക്കൽ-ഗ്രാന്റിൽ നിന്നുള്ള ചെലവുകളിൽ ഉൾപ്പെട്ടില്ല	1-20
42	കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-21
43	ഇടവിളകൃഷി പ്രേത്സാഹനം (വനിത)-400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-22
44	തുക മുൻകൂർ നൽകിയിട്ടും നാളിതു വരെ മരുന്നുകൾ ലഭ്യമായില്ല	1-23
45	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല	1-24
46	വിവിധ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ സുലേഖേ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-25
47	ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതി-വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-26
48	അമൃതം ഫുഡ്, കുമാരി പ്ലസ്, പോഷകം, മോണിംഗ് സ്നാക്ക് എന്നീ ഉത്പന്ന വിതരണക്കാരിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയില്ല	1-27
49	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-97982 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
50	കണ്ടശ്ശാംകടവ് വാട്ടർ എ.ടി.എം കളക്ഷൻ തുക അടവാക്കുന്നതും പരിപാലനവും	1-29
51	കണ്ടശ്ശാംകടവ് ബോട്ട് ജട്ടി ഇ-ടോയ്ലറ്റ് സ്ഥാപിയ്ക്കൽ-തൻവർഷം നടത്തിയ 779520 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
52	തെരുവു വിളക്കു പരിപാലനം എ.എം.സി-265394 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-31
53	തെരുവു വിളക്ക് സാമഗ്രികൾ വാങ്ങൽ-463472 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4

5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംക്ഷിപ്തം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.07.2023 തീയതിയിലെ 12(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മണലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2022–23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 04.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

1–1–1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

2022–23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം അലോപ്പതി, ഹോമിയോപ്പതി മരുന്നുകൾ വാങ്ങുന്നതിന് യഥാക്രമം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും മരുന്ന് ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പറും പേരും	തുക	വൗച്ചർ നമ്പർ/തീയതി	ചെലവ് ബുക്ക് ചെയ്ത ശീർഷകം
1	12/23– പെയിൻ – പാലിയേറ്റിവ് പ്രൊജക്ട്	3,19,000	42201043/21–02–2023	251110008 | Medical

				Institution-Alloppathy-Purchase Of Medicines For Hospitals
		1,72,213	42201451/27.03.23	251110501 Health Related Activties-Palliative Care
		1,49,996	42201185/31-03-2023	251110501 Health Related Activties-Palliative Care
2	19/23- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ	3,00,000	42201262/21.10.22	251110208-Medical Institution-Homoeo-Purchase Of Medicines In Health Institutions

1-1-2 സംയുക്ത പ്രൊജക്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹5,00,000/-, മെയിന്റനൻസ് ഫണ്ട് ₹19,966/-, തനത് ഫണ്ട് ₹1000/- എന്നിവ ഉൾപ്പെടുത്തി ₹5,20,966/- രൂപ അടങ്കലായി രൂപീകരിച്ച 126/23 വൈക്കത്ത് മന റോഡ് കോൺക്രീറ്റിംഗ് എന്ന പ്രൊജക്ടിന്റെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ₹2,00,000/- രൂപ, തനത് ഫണ്ട് ₹1000/-, മെയിന്റനൻസ് ഫണ്ട്(റോഡ്) ₹19,966/- എന്നിങ്ങനെയാണ്. മെയിന്റനൻസ് ഫണ്ടിൽ നിന്നുള്ള ചെലവ് തുകയും (₹19,966) തനത് ഫണ്ടിൽ നിന്നുള്ള ചെലവു തുകയും (₹1000) 252110004- Roads Concreting എന്ന ശീർഷകത്തിൽ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ചെലവഴിച്ച ₹2,00,000/- രൂപയുടെ ചെലവ് മേൽ ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല. ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഷെഡ്യൂൾ ഐ-6 ൽ 160300102-Contributions Towards Joint Venture Projects- From Block Panchayats എന്ന ശീർഷകത്തിലോ ബന്ധപ്പെട്ട കാപിറ്റൽ കോൺടിബ്യൂഷൻ ശീർഷകത്തിലോ ടി തുക വരവായി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, റോഡ് കോൺക്രീറ്റിംഗിന് ചെലവഴിച്ച തുക അനുയോജ്യമായ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്താതെ റവന്യു ചെലവായി രേഖപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തി ശീർഷകത്തിന്റെ നീക്കിയിരിപ്പിൽ കുറവ് വന്നു.

1-1-3 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		19,09,05,239
ആകെ ചെലവ് (B)		20,07,52,896
മിച്ചം തുക C= A-B		(-)98,47,657
Prior Period Income	40758	
Prior Period Expenditure	0	
Net Difference Between Prior Period Income And Expenses (D)		40,758

Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D		(-)98,06,899

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ -98,47,657 ൽ നിന്നും 40,758 കുറച്ചപ്പോൾ ലഭിച്ച (-)98,88,415 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 98,06,899 രൂപ തന്നെയാണ്.

31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	3,53,70,861
കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D	(-)98,06,899
31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	2,55,63,962

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 40758 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല).

1-1-4 സംയുക്ത പ്രൊജക്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം- ചെലവിന് ആനുപാതികമായി വരവ് രേഖപ്പെടുത്തിയില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി രൂപീകരിച്ച 45/23 ബാങ്ക് കോൾ റോഡ് പുനരുദ്ധാരണം എന്ന പ്രൊജക്ടിന്റെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും വാർഷിക കണക്കിലെ 252110001-Road Tarringഎന്ന ശീർഷക പ്രകാരവും 88,091/- രൂപയാണ്. എന്നാൽ 320700204-Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayath എന്ന ബാധ്യത ശീർഷകത്തിൽ നിന്നും ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-6 ൽ 160300102- Contribution Towards Joint Venture Projects- From Block Panchayats എന്ന ശീർഷകത്തിലേക്ക് വരവായി ക്രമീകരിച്ച തുക 37,135/- രൂപ മാത്രമാണ് (വൗ. നം. 42200405/27.07.22). വ്യത്യാസമുള്ള 50,956/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ചതായി മേൽ വൗച്ചറിന്റെ വിവരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ബാധ്യത ശീർഷകത്തിൽ വരവിൽ എടുക്കുകയോ ചെലവിന് ആനുപാതികമായി കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.

1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ശീർഷകം	ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ്	ബാങ്ക് അക്കൗണ്ട്	ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ്
320200104-Development Fund-Central Finance Commission Grant-Basic Tax	68,69,001	450210101-ICICI Bank, Thriprayar- Egram (A/c No.268101000234)	86,19,019
320200113-Development	18,77,944		

Fund- Central Finance Commission Grant- Tied Fund			
ആകെ	87,46,945		
320100162-Sarva Siksha Abhiyan	51,486	450210101-State Bank Of India SSA (67188589264)	52,833

1-1-6 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല

അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് തത്വങ്ങൾ പ്രകാരം (GO(Ms)No. 152/2011/Lsgd Dtd 26/07/2011) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് സ്ഥിരാസ്തികൾ നിർമ്മിക്കുമ്പോഴോ ആർജ്ജിക്കുമ്പോഴോ ആ ആസ്തിക്ക് തുല്യമായ മൂല്യം ബാധ്യതയിൽ നിന്നും കുറയേണ്ടതും അത്രയും തുക കാപിറ്റൽ വരവായി കണക്കാക്കേണ്ടതും ആ തുക പ്രത്യേക ഫണ്ടിൽ നിന്നും കാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റേണ്ടതുമാണ്. എന്നാൽ 2022-23 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ മുഖേന ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് ആസ്തി ആർജ്ജിച്ചിട്ടുണ്ടെങ്കിലും തത്തുല്യമായ തുക കാപിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ടിന്റെ നമ്പറും പേരും	വാർഷിക കണക്ക് പ്രകാരം ചെലവഴിച്ച തുക	വൗച്ചർനം./തീയതി	ചെലവ് ബുക്ക് ചെയ്ത ശീർഷകം
1	54/23- കണ്ടശ്ശാംകടവ് പവലിയനിൽ വാട്ടർ എ.ടി.എം. സ്ഥാപിക്കൽ	₹5,72,258/-	42200323/11.07.22-	414120004 | Public Drinking Water Programmes- Other Water Sources
2	55/23- കണ്ടശ്ശാംകടവ് ബോട്ട്ജെട്ടി - ഇ-ടോയ്ലറ്റ് സ്ഥാപിക്കൽ	₹ 7,21,520/-	42200321/11.07.22-	414130001-Public Programmes- Toilet

1-1-7 ശീർഷകം തെറ്റിയതിനാൽ മുൻവർഷത്തെ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല

2021-22 വർഷത്തെ സാംഖ്യ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെട്ട 450650109- Treasury Special TSB- Joint Venture എന്ന ശീർഷകത്തിന്റെ നീക്കിയിരിപ്പായ ₹4,83,608/-, തൻവർഷം lLGMS ട്രയൽ ബാലൻസ് പ്രകാരം 450210101-Nationalised Bank Account Of Own Revenue Fund എന്ന ശീർഷകത്തിൽ ദേശസാൽകൃത ബാങ്കുകളുടെ അക്കൗണ്ടുകളുടെ മുന്നിരിപ്പിലാണ് ഉൾപ്പെട്ടിരിക്കുന്നത്. മേൽ ട്രഷറി അക്കൗണ്ട്, 450210104-Treasury Account Of Traditional Functions Fund എന്ന ശീർഷകത്തിലാണ് ഉൾപ്പെടേണ്ടിയിരുന്നത്. മേൽ അക്കൗണ്ടിന്റ ശീർഷകം 450210104 എന്നതിന് പകരം 450210101 എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് അപാകം സംഭവിച്ചിട്ടുള്ളത്. ആയതിനാൽ ട്രഷറി അക്കൗണ്ടുകളുടെ 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ നീക്കിയിരിപ്പും 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള ആകെ മുന്നിരിപ്പും തമ്മിൽ 4,83,608/- രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു (എന്നാൽ മുൻവർഷത്തെ ബാലൻസ്ഷീറ്റ് ബി-17, തൻവർഷത്തെ റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ ആർ.പി. 40(എ) എന്നിവ പ്രകാരം ഓരോ അക്കൗണ്ടുകളുടെയും നീക്കിയിരിപ്പ്-മുന്നിരിപ്പുകൾ പൊരുത്തപ്പെടുന്നുണ്ട്).

മുൻവർഷത്തെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം നീക്കിയിരിപ്പ്			തൻവർഷത്തെ ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പ്		
ശീർഷകം	ട്രഷറി	നീക്കിയിരിപ്പ്	ശീർഷകം	ട്രഷറി	മുന്നിരിപ്പ്

	അക്കൗണ്ടിന്റെ പേര്			അക്കൗണ്ടിന്റെ പേര്	
450250103	Treasury-Own Fund- VPFA-1_3	10,00,000	450210104	Treasury Account Of Traditional Functions Fund	10,31,183
450450101	TP Account	26,683			
450650102	VPFA-III	4,500			
450650109	Treasury Special TSB_Joint Venture	4,83,608			
ആകെ		15,14,791			10,31,183

1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം കുടിശ്ശികയായി വസ്തുനികുതി-റെസിഡൻഷ്യൽ, വസ്തുനികുതി-നോൺ റെസിഡൻഷ്യൽ, സർവീസ് സെസ്സ് ഓൺ പ്രോപ്പർട്ടി ടാക്സ്, സർചാർജ്ജ് ഓൺ പ്രോപ്പർട്ടി ടാക്സ് എന്നിയിനങ്ങളിൽ യഥാക്രമം 19,877/-, 68,413/-, 1,893/-, 6,421/- എന്നിവ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ പിരിച്ചെടുക്കാനുള്ള തുകയ്ക്ക് ബാധകമായ Provision For Doubtful Receivables ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

1-1-9 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികം

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 3,96,199 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumulated Depreciation 8,93,150 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

1-1-10 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 19,22,695/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)94,57,292/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-11 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

1-1-12 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മണലൂർ

ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരുമാന ശീർഷകം	ജേണൽ വൗച്ചർ നം./തീയതി	ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക
110100101-Property Tax On Residential Buildings	42100047/31.03.23	39,81,306
110100102-Property Tax On Non Residential Buildings	42100051/31.03.23	21,06,660
110100103-Surcharge On Property Tax	42100069/31.03.23	2,11,492
110100104-Service Cess On Property Tax	42100066/31.03.23	4,00,460
110200105-Profession Tax-Traders	42201582/31.03.23	6,52,550
130100101-Rent From Buildings	42201586/31.03.23	13,62,458

1-1-13 Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-19 ൽ ഉൾപ്പെട്ട 190100101-Prior Period Income- Property Tax എന്ന ലെഡ്ജർ പ്രകാരം ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

1-1-14 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-15 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നിക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷം

റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	39,81,306	39,62,317	16,276	7,553
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	39,81,306 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	39,63,119 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	16,276 (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	7,557 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (7935*100/105)

നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	21,06,660	20,92,480	14,744	15,265
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	21,06,660 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	20,90,517 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	15,823 (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	15,266 *(16029/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

സർവീസ് സെസ്സ്-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	4,00,460	3,98,474	1,514	759
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	4,00,460 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	5,87,366 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	1,514 (350410105-Advance Collection-Service Cess On Property Tax-ന്റെ ലെഡ്ജർ)	759 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

സർവീസ് സെസ്സ്-നോൺ റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ	ബാക്കി

			ക്രമീകരിച്ചത്	
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2,11,492	2,09,472	1,483	1,527
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2,11,492	21,183	1,483	1,527
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1 110100103-Surcharge On Property Tax എന്ന ശീർഷക പ്രകാരം)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45 431100107-Receivables For Surcharge On Property Tax (Current) എന്ന ശീർഷക പ്രകാരം)	(350410106-Advance Collection-surcharge On Property Tax-ന്റെ ലെഡ്ജർ)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 431100107-Receivables For Surcharge On Property Tax (Current) എന്ന ശീർഷക പ്രകാരം)

കുടിശ്ശിക

റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	39,578	20786	18926
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	26,258	20,313	18,930
	*(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (10454+17117=27571 27571*100/105	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 19877*100/105

നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	84,166	18,803	65,146
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	83,884	18,803	65,155
	(2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 35778+52300 = 88078* (/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	**(68413/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

സർവീസ് സെസ്സ്-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	4099	2084	1893
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2,627 (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (997+1630)	3,920 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	1,893 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

സർവീസ് സെസ്സ്-നോൺ റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	8,066	1884	6421
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	8,395 (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3411+4984)	0 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	6421 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 431100108 - Receivables For Surcharge On Property Tax (Arrears) എന്ന ശീർഷക പ്രകാരം)

1-1-16 ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

1-1-17 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-18 പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

താഴെ ചേർക്കുന്ന ശീർഷകങ്ങളിലെ പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി ശീർഷകങ്ങളിലെ വരവ് ചെലവ് നീക്കിയിരിപ്പ് തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

ശീർഷകം	B4 പ്രകാരം നീക്കിയിരിപ്പ് ₹

320100999 – Other Liabilities	1271246
320200205 – Fund For Transferred Institutions-Social Justice- Capital	12000
320200299- Fund For Transferred Institutions-Others- Capital	242895
320200399- Grants, Funds & Contributions For Specific Purposes-Other Than Development Fund And State Sponsored Scheme Funds-other Purposes	33090

1-1-19 വാർഷിക കണക്കുകളുടെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല/ശരിയായി പരിപാലിക്കുന്നില്ല

എ) കടിൽ രഹിത ഗ്രാമം പദ്ധതിയുടെ ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബി) KURDFC ലോൺ രജിസ്റ്റർ ശരിയായ വിധത്തിൽ എഴുതി പൂർത്തിയാക്കി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ലോൺ വരവ്, ചെലവ്, നീക്കിയിരിപ്പ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ആശ്രയിക്കത്തക്കതല്ല.

സി) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ ഉൾപ്പെട്ട ശീർഷകങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഡി) അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട ശീർഷകങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-20 MGNREGS-വാർഷിക കണക്കിലെ തുകകളും പദ്ധതി പ്രകാരമുള്ള കാഷ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക്/എം.ഐ.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകകളും വാർഷിക ധനകാര്യ പത്രികയിലെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം			എം.ജി.എൻ.ആർ.ഇ.ജി.എസ്. കാഷ് ബുക്ക്/എം.ഐ.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരം	
മൂലധനച്ചെലവുകൾ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-ബി-3 പ്രകാരം		28,73,604	മെറ്റീരിയൽ	93,72,674
			വിദഗ്ധ, അർദ്ധവിദഗ്ധ തൊഴിലാളികളുടെ വേതനം	18,00,000
റവന്യൂച്ചെലവുകൾ (ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ I-6, I-14F എന്നിവ പ്രകാരം)	കൂലിച്ചെലവ്	3,55,22,799	അവിദഗ്ധ തൊഴിലാളികളുടെ കൂലി	2,72,80,000
	ഭരണച്ചെലവ്	13,62,372	ഭരണച്ചെലവ്	13,64,775
ആകെ		3,97,58,775		3,98,17,449

1-1-21 വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല

2022-23 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകകളും വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫണ്ടിനം	സുലേഖ ചെലവ്	ഇൻകം & എക്സ്പൻഡിച്ചർ	വ്യത്യാസം

	സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ്	ഷെഡ്യൂൾ ഐ-6, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി3 എന്നിവയിൽ ഉൾപ്പെട്ട തുകകൾ	
എസ്.സി.പി.	94,73,102	94,73,101	1/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	77,88,418	77,62,212	26,206
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	23,78,091	24,27,131	49,040

1-2 ബജറ്റ്

പാസ്സാക്കിയ തിയതി	26/03/2022	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	381585441	385968600
റിവൈസ്ഡ് ബജറ്റ്		
പാസ്സാക്കിയ തിയതി കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ്	14/03/2023	
കമ്മിറ്റി തീരുമാനം	1	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	294985441	292703600

1-3 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ലാപ്സായ തുക*/ നീക്കിയിരിപ്പ്**
വികസന ഫണ്ട്-ജനറൽ		0	2,28,43,000	2,28,43,000	2,06,86,674	21,56,326*
വികസന ഫണ്ട്-എസ്.സി.പി		0	1,01,93,000	1,01,93,000	94,73,101	7,19,899*
മെയിന്റനൻസ്, റോഡ്		0	1,04,15,000	1,04,15,000	56,74,523	47,40,477*
മെയിന്റനൻസ്, നോൺ-റോഡ്		0	61,85,000	61,85,000	39,15,559	22,69,441*
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്)	ട്രഷറി	0	53	53	0	53*
	ബാങ്ക്	53,56,522	42,42,091	95,98,613	27,29,612	68,69,001**
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	ട്രഷറി	0	9,71,622	9,71,622	9,52,544	19,078*
	ബാങ്ക്	0	59,58,000	59,58,000	40,80,056	18,77,944**

അഗതി രഹിത കേരളം	0	12,96,400	12,96,400	12,96,400	0
ഹെൽത്ത് ഗ്രാന്റ്-രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0	3,25,743	3,25,743	233229	92514**
ഹെൽത്ത് ഗ്രാന്റ്-പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റൽ	0	1,87,641	1,87,641	0	1,87,641**
ലൈഫ് – സംസ്ഥാന വിഹിതം	0	4,00,000	4,00,000	3,00,000	1,00,000**
അന്നപൂരക പോഷകാഹാര പരിപാടി	5,59,948	11,64,314	17,24,262	8,45,573	8,78,689**
സമ്പൂർണ്ണ ശുചിത്വം	23,22,063	0	23,22,063	20,22,840	2,99,223**
എസ്.എസ്.എ.	49,052	2,434	51,486	0	51,486**
ആർദ്ര കേരളം	0	2,00,000	2,00,000	0	2,00,000**
ബെസ്റ്റ് പഞ്ചായത്ത് അവാർഡ്	19,888	0	19,888	0	19,888**
സാക്ഷരത	1,658	147	1,805	1,805	0
പൈക	20,000	0	20,000	0	20,000**
കുടിവെള്ള പദ്ധതി	21,800	0	21,800	0	21,800**

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	അംഗീകരിച്ച പദ്ധതി അടങ്കൽ തുക	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കിയ പദ്ധതി ചെലവ് തുക	നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം	പൂർത്തീകരിച്ചതിന്റെ ശതമാനം
202	12,17,14,373	151	6,14,72,083	50.5	74.75

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	13,64,775	13,64,775	13,64,775	0

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	29,080,000	29,080,000	29,080,000	0
മെറ്റിരിയൽ കോസ്റ്റ്	0	93,72,674	93,72,674	93,72,674	0
ആകെ	0	3,98,17,449	3,98,17,449	3,98,17,449	0

MGNREGS കാഷ്ബുക്ക്/ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-1-20 കാണുക.

1-6 ക്ഷേമ പദ്ധതികൾ

പദ്ധതിയുടെ പേര്	ചെലവു തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	7133200	4655
വിധവാ പെൻഷൻ	15669900	10003
വാർദ്ധക്യകാല പെൻഷൻ	34840000	23088
വികലാംഗ പെൻഷൻ	4447600	2842
50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1880400	1216
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	180000	6

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-09-2023 തീയതിയിൽ 3.00 PM ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,472/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ-അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ്-ചെലവ് കണക്കുൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വീടുകൾക്കുള്ള വസ്തുനികുതിയൊഴിവ് അപേക്ഷകൾ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് പ്രകാരം കാണുന്നത്. 2022-23 സാമ്പത്തിക വർഷത്തെ നികുതി ഈടാക്കുന്നതിന് ക്യാമ്പ് കളക്ഷൻ, ഡിമാന്റ് നോട്ടീസ് വിതരണം തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും 100% നികുതികൾ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ മിക്ക ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുങ്ങളിലും നിലവിൽ നടത്തി വരുന്നുണ്ട്.

ബജറ്റും യഥാർത്ഥ വരവുമായുള്ള അന്തരം താഴെ ചേർക്കുന്നു

ഇനം	ബജറ്റ്	റിവൈസ്ഡ് ബജറ്റ്	വാർഷിക ധനകാര്യപത്രിക
വസ്തുനികുതി	70,00,000	7,400,000	66,99,918
തൊഴിൽനികുതി	20,50,000	2,300,000	22,87,900
വാടക	12,00,000	1,210,000	13,62,458
ലൈസൻസ്	3,90,000	4,00,000	4,24,800

ഫീസ്			

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ചർച്ചയ്ക്ക് വന്നിട്ടില്ല.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

ഇനം	2021-22	2022-23	വർദ്ധനവ്	
വസ്തുനികുതി റെസിഡൻഷ്യൽ	38,60,288	39,81,306	3.13	173 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു
വസ്തുനികുതി നോൺ റെസിഡൻഷ്യൽ	19,75,343	21,06,660	6.64	
തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ്	5,84,430	6,52,550	11.65	
തൊഴിൽ നികുതി- ജീവനക്കാർ	15,42,725	16,35,350	6.00	
വാടക	7,58,232	13,62,458	79.68	

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

18.04.2023 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2/1-ാം നമ്പർ ശുപാർശ പ്രകാരം 25.04.2023 തീയതിയിൽ 2/1 നമ്പർ തീരുമാന പ്രകാരം പ്രാഥമിക നോട്ടീസ് പ്രസിദ്ധീകരിക്കുകയും 10.08.2023 തീയതിയിലെ ഭരണസമിതിയുടെ 33(1) നമ്പർ തീരുമാനം പ്രകാരം തദ്ദേശസ്വയംഭരണ(ആർ.ബി) വകുപ്പിന്റെ 22.03.2022 ലെ സ.ഉ.(കൈ) നം. 77/2023 /ത.സ്വ.ഭ.വ, ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സോഫ്റ്റ്വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.

സേവന ഉപനികുതി

നിലവിൽ പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) അടിസ്ഥാന വസ്തു നികുതിയുടെ 10% സേവന ഉപനികുതിയായി ഈടാക്കുന്നുണ്ട്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നതിനും ആയത് പരിശോധിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുകയും ചെയ്യേണ്ടതാണ്.

വിനോദനികുതി

വിനോദനികുതി ഇനത്തിൽ നിലവിൽ വരുമാനം ഉണ്ട്. പഞ്ചായത്ത് പരിധിയിൽ 2 സിനിമാ തീയറ്റർ പ്രവർത്തിക്കുന്നുണ്ട്. അമ്യൂസ്മെന്റ് പാർക്ക്, നീന്തൽകുളങ്ങൾ, പ്രദർശന വിപണന മേളകൾ, സിപ് ലൈൻ (റോപ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ്

ബോട്ട് എന്നിവയൊന്നും തന്നെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നില്ല. കോൾപ്പാടങ്ങളും കായലോരങ്ങളും കനാലുകളും അതിർത്തി പങ്കിടുന്ന പഞ്ചായത്തായതിനാൽ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വരുമാന വർദ്ധനവിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്ന തരത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഡാറ്റ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

വാടക

പഞ്ചായത്തിന്റെ വാടകയിനത്തിലുള്ള പ്രധാന വരുമാന സ്രോതസ്സുകൾ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റിലുള്ള 37 മുറികൾ അടങ്ങുന്ന ഷോപ്പിംഗ് കോംപ്ലക്സും, കണ്ടശ്ശാംകടവ് പവലിയനോട് ചേർന്നുള്ള 4 മുറികളും ആണ്.

(ഓഡിറ്റ് അന്വേഷണം നം. 3/16.09.2023)

1-10 ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഹോം സ്റ്റേകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ ധാരാളം കായലോരങ്ങൾ ഉൾപ്പെടുന്നതിനാൽ വിനോദ സഞ്ചാരികൾക്കായി ഹോം സ്റ്റേകൾ, റിസോർട്ടുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നിവ ഇതിനോട് ചേർന്ന് പ്രവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 6 ഹോം സ്റ്റേകളാണ് പ്രവർത്തിക്കുന്നത്. റിസോർട്ടുകളും ആയുർവേദസുഖചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുമില്ല. ഇതിന് പുറമെ കെട്ടിട നിർമ്മാണ അനുമതിയില്ലാതെയും ലൈസൻസ് എടുക്കാതെയും അനധികൃതമായി ഹോം സ്റ്റേകൾ, റിസോർട്ടുകൾ, ആയുർവേദസുഖചികിത്സാ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നതിന്റെ കൃത്യമായ സ്ഥല പരിശോധനകൾ നടത്താറുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രവർത്തിക്കുന്നു എങ്കിൽ അവക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ : 22/23.9.23

1-11 ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബ് പ്രകാരം ഈടാക്കിയിട്ടില്ല

1. 2022-23 ലെ ആദ്യ അർദ്ധവർഷത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബ് പ്രകാരം ഈടാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 8/19.9.23).

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര്	അർദ്ധവാർഷിക വരുമാനം	ഈടാക്കിയ തൊഴിൽ നികുതി	ചട്ടപ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി (നൽകിയ ഓഡിറ്റ് എൻക്വയറി)	ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയതിന് അനുസരിച്ചുള്ള ഓഡിറ്റ് നിർദ്ദേശം
1	നവ്യ പ്രേമൻ ജൂനിയർ അസിസ്റ്റന്റ് മാ കെയർ വിഷൻ പ്ലസ്, കാഞ്ഞാണി.	82,668	180	750	ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
2	മിഥുന എൻ.എസ്. സീനിയർ അസിസ്റ്റന്റ് മാ കെയർ വിഷൻ പ്ലസ്, കാഞ്ഞാണി.	96,204	300	750	ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
3	വസില പി.എ.	82,668	180	750	ഈടാക്കുന്നതാണെന്ന്

	ജൂനിയർ അസിസ്റ്റന്റ് മാ കെയർ വിഷൻ പ്ലസ്, കാഞ്ഞാണി.				അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
4	സബീന കോരത്ത് സി.ഡി.എസ് അക്കൗണ്ടന്റ്	1,00,500	750	1000	1230402449/20.9.23 പ്രകാരം 250 രൂപ അടവാക്കി.
5	രാധ കെ.ആർ. പി.ടി.സി.എം. പി.ജെ.എം.എസ്. ജി.എൽ.പി.എസ് കണ്ടശ്ശാങ്കടവ്	1,40,778	1000	1250	1230402387/20.9.23 പ്രകാരം 250 രൂപ അടവാക്കി.
6	ശ്രുതി ജയൻ സെയിൽസ് കോ-ഓർഡിനേറ്റർ മൈ കല്യാൺ കാഞ്ഞാണി	2,26,800	600	1250	സ്ഥാപനം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് തെറ്റാണെന്ന് ബോധ്യപ്പെടുത്തി.
7	പിൽസി പീറ്റർ വി. ജൂനിയർ ഓഫീസർ മാ കെയർ മെഡിക്കൽസ്, കാഞ്ഞാണി.	1,10,670	300	1000	ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
8	വിനയ് കൃഷ്ണ ജൂനിയർ അസിസ്റ്റന്റ് മാ കെയർ വിഷൻ പ്ലസ്, കാഞ്ഞാണി.	81,180	180	750	ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. 2022-23ൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര്	അർദ്ധവാർഷിക വരുമാനം	ഈടാക്കിയ തൊഴിൽ നികുതി- ഒന്നാം അർദ്ധ വർഷം	ഈടാക്കിയ തൊഴിൽ നികുതി-രണ്ടാം അർദ്ധ വർഷം (നൽകിയ ഓഡിറ്റ് എൻക്വയറി)	ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയതിന് അനുസരിച്ചുള്ള ഓഡിറ്റ് നിർദ്ദേശം
1.	ശശിധരൻ ശ്മശാനം സൂക്ഷിപ്പുകാരൻ	തുക എഴുതി സൂക്ഷിച്ചിട്ടില്ല	1000	അടവാക്കിയിട്ടില്ല	1230402438/20.9.23 പ്രകാരം 1000 രൂപ അടവാക്കി.
2.	രാഗി ഡാറ്റ എൻട്രി ഓപ്പറേറ്റർ	തുക എഴുതി സൂക്ഷിച്ചിട്ടില്ല	1000	അടവാക്കിയിട്ടില്ല	തുക അടവാക്കിയ വിവരം അറിയിക്കേണ്ടതാണ്.
3.	നിതീഷ് കെ.സി. ഓഫീസർ കാതോലിക്ക് സിറിയൻ ബാങ്ക്	തുക എഴുതി സൂക്ഷിച്ചിട്ടില്ല	അടവാക്കിയിട്ടില്ല	750	തുക അടവാക്കിയ വിവരം അറിയിക്കേണ്ടതാണ്.

	കണ്ടശ്ശാങ്കടവ്				
4.	നിമ്മിനി ടി.ആർ. ഓഫീസർ കാതോലിക്ക് സിറിയൻ ബാങ്ക് കണ്ടശ്ശാങ്കടവ്	തുക എഴുതി സൂക്ഷിച്ചിട്ടില്ല	അടവാക്കിയിട്ടില്ല	750	തുക അടവാക്കിയ വിവരം അറിയിക്കേണ്ടതാണ്.
5.	കാർത്തികേയൻ അസിസ്റ്റന്റ് മാനേജർ കേരള ഗ്രാമീൺ ബാങ്ക്, കാഞ്ഞാണി	തുക എഴുതി സൂക്ഷിച്ചിട്ടില്ല	1250	അടവാക്കിയിട്ടില്ല	തുക അടവാക്കിയ വിവരം അറിയിക്കേണ്ടതാണ്.
6.	പ്രദീപ് കുമാർ പി. കെ. സീനിയർ മാനേജർ ടി.ഡി.സി.ബി.	തുക എഴുതി സൂക്ഷിച്ചിട്ടില്ല	1250	അടവാക്കിയിട്ടില്ല	തുക അടവാക്കിയ വിവരം അറിയിക്കേണ്ടതാണ്.
10	ധന്യ സി. ജി. അസിസ്റ്റന്റ് റീജിയണൽ മാനേജർ ന്യൂ സുഹൃദം ചിറ്റ്സ് കേരള പ്രൈവറ്റ് ലിമിറ്റഡ് കണ്ടശ്ശാങ്കടവ്	തുക എഴുതി സൂക്ഷിച്ചിട്ടില്ല	അടവാക്കിയിട്ടില്ല	അടവാക്കിയിട്ടില്ല	തുക അടവാക്കിയ വിവരം അറിയിക്കേണ്ടതാണ്.
12	ലാസർ കെ.ജെ. അക്ഷയ സെന്റർ കാരമുക്ക്	തുക എഴുതി സൂക്ഷിച്ചിട്ടില്ല	180	അടവാക്കിയിട്ടില്ല	1230402477/24.9.23 പ്രകാരം 180 രൂപ അടവാക്കി.
13	മെൽവിൻ അക്ഷയ സെന്റർ കാരമുക്ക്	തുക എഴുതി സൂക്ഷിച്ചിട്ടില്ല	180	അടവാക്കിയിട്ടില്ല	1230402477/24.9.23 പ്രകാരം 180 രൂപ അടവാക്കി.

3. വില്ലേജ് ഓഫീസ് മണലൂർ, സേവന സൂപ്പർമാർക്കറ്റ്, മണലൂർ, സെന്റ് തോമസ് സി.ജി.എസ്. കാഞ്ഞാണി, പ്രവീൺ അസോസിയേറ്റ്സ് മണലൂർ, ഹാപ്പി കിഡ്സ് ഡേ കെയർ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വില്ലേജ് ഓഫീസ്, മണലൂർ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 1220000183 തീയതി 14.9.22 പ്രകാരം 7500 രൂപ, 1220408378/25.3.23 പ്രകാരം 7,500 രൂപ എന്നിങ്ങനെ അടവാക്കിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ രസീതിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സെന്റ് തോമസ് സി.ജി.എസ്. കാഞ്ഞാണി 1220401894/24.8.22 പ്രകാരം 1250 രൂപയും 1220406286/24.2.23 പ്രകാരം 1250 രൂപയും അടവാക്കിയതായി ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ രസീതിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 പഞ്ചായത്ത് പരിധിയിൽ പാർപ്പിടാവശ്യഗണത്തിൽ ഉള്ള കെട്ടിടത്തിൽ റിസോർട്ട് പ്രവർത്തിച്ചു വരുന്നു

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ റിസോർട്ട് ഗണത്തിൽ യാതൊരു കെട്ടിടവും ഉൾപ്പെടുന്നില്ല. എന്നാൽ പഞ്ചായത്ത് പരിധിയിൽ കരിക്കൊടി എന്ന സ്ഥലത്ത് "ലെക്സസ് ബാക്ക് വാട്ടർ റിസോർട്ട്" എന്ന പേരിൽ ഒരു റിസോർട്ട് പ്രവർത്തിക്കുന്നതായി സ്ഥാപനത്തിന്റെ ഓൺലൈൻ പരസ്യങ്ങളിൽ നിന്നും ബോധ്യപ്പെട്ടു. പഞ്ചായത്ത് രേഖകൾ പ്രകാരം കെട്ടിടത്തിന്റെ നമ്പർ 16/336 എന്നും ആയത് പാർപ്പിടാവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുന്നതുമാണ്. കെട്ടിട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമയുടെ പേര് – നിതിൻ പ്രകാശ്, മുണ്ടപാട്ട്, കണ്ടശ്ശാങ്കടവ്

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം – 63.18 ച. മീ.
ഈടാക്കുന്ന വസ്തുനികുതി നിരക്ക് – 7/–
കനോലി കനാലിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം പാർഷിടം ഗണത്തിൽ ഉൾപ്പെടുത്തി ആയതിന് അനുസൃതമായുള്ള കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഉൾപ്പെടുത്തി നമ്പർ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. പാർഷിടമായി ആയി ഉപയോഗപ്പെടുത്തേണ്ട ഈ കെട്ടിടം റിസോർട്ടായി ഉപയോഗപ്പെടുത്തണമെങ്കിൽ റിസോർട്ട് ഗണത്തിന്റെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചു കൊണ്ട് തരം മാറ്റേണ്ടതാണ്. അതിന് പകരം ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്നത് ചട്ടലംഘനമാണ്.
ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം 15/20.9.23) "ലെക്സസ് ബാക്ക് വാട്ടർ റിസോർട്ട്" എന്ന പേരിൽ പ്രവൃത്തിക്കുന്ന ഈ സ്ഥാപനം പഞ്ചായത്തിൽ നിന്ന് ലൈസൻസ് നേടിയിട്ടില്ല എന്നും കെട്ടിടത്തിന്റെ തരം മാറ്റി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനധികൃതമായി പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുകയോ ആയതിനെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 21.9.23 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തരം മാറ്റുന്നതിനുള്ള നോട്ടീസ് കെട്ടിട ഉടമയ്ക്ക് നൽകിയതായി അറിയിച്ചിട്ടുണ്ട്.
പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന മറ്റ് സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് നിലവിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഇല്ലെന്നും അറിയിച്ചിട്ടുണ്ട്.
മേൽ പരാമർശിച്ച സ്ഥാപനത്തെ സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1–13 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുന്ന വാണിജ്യകെട്ടിടം ലൈസൻസോടു കൂടി പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന് ടൂറിസം വകുപ്പിൽ നിന്നും കൈമാറി കിട്ടിയ കണ്ടശ്ശാംകടവ് പവലിയനിലെ 4 കെട്ടിടമുറികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കണ്ടശ്ശാങ്കടവ് കനോലി കനാലിന്റെ തീരത്തു നിർമ്മിച്ച വ്യൂവിങ് ഗാലറി, ചിൽഡ്രൻസ് പാർക്ക്, ടോയ്ലറ്റ് എന്നിവയുടെ ഓപ്പറേഷൻ & മാനേജ്മെന്റ് ഏറ്റെടുക്കാൻ പഞ്ചായത്തിന് സമ്മതമാണെന്നറിയിച്ചതിനെ തുടർന്ന് ടൂറിസം വകുപ്പ് ഡയറക്ടർ കരാർ നമ്പർ 11/2021–22 ന്റെ അടിസ്ഥാനത്തിൽ 12.1.22 ന് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി.

ഭരണസമിതിയുടെ 30.03.2022 ലെ 5(1) തീരുമാനത്തിൽ ടൂറിസം വകുപ്പിൽ നിന്നും മണലൂർ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ കണ്ടശ്ശാംകടവ് പവലിയനിലെ 4 കടമുറികളിൽ 2 മുറികൾ ലേലം ചെയ്യുന്നതിന് 15.03.2022 തീയതിയിലെ 2(1) നമ്പർ യോഗതീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും എന്നാൽ കടമുറികൾക്ക് കെട്ടിടനമ്പർ ഇല്ലാത്തതിനാൽ ലേലനടപടികൾ കൈകൊള്ളുന്നതിന് പ്രായോഗികബുദ്ധിമുട്ടുകൾ ഉണ്ടെന്നും പ്രസ്തുത കടമുറികൾ CRZ (തീരദേശ പരിപാലന നിയമം) പരിധിയിൽ ഉൾപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്നതിനാൽ കെട്ടിട നമ്പർ നൽകുന്നതിന് നിയമതടസ്സം ഉണ്ടെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചതായും പത്ത് വർഷങ്ങൾക്കുമുൻപ് സർക്കാർ നിർമ്മിച്ച കെട്ടിടങ്ങൾ ആയതിനാലും ഗ്രാമപഞ്ചായത്തിന്റെ ടൂറിസം വികസന അനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കടമുറികൾക്ക് അടിയന്തിരമായി കെട്ടിടനമ്പർ നൽകേണ്ട സാഹചര്യം നിലനിൽക്കുന്നതിനാലും പ്രസ്തുത 4 മുറികളുടെ വിസ്തീർണ്ണം പ്രത്യേകം പ്രത്യേകം കണക്കാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയറെയും റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് കെട്ടിടനമ്പർ നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെയും ചുമതലപ്പെടുത്തി യോഗം ഐകൃകണ്ഠേന തീരുമാനിച്ചതായും പറയുന്നു.

തുടർന്ന്, ഭരണസമിതിയുടെ 18.04.2022 തീയതിയിലെ 17 നമ്പർ അജണ്ടയിന്മേൽ "കടമുറികൾക്ക് Unauthorised നമ്പർ അനുവദിക്കാവുന്നതല്ല " എന്ന് സെക്രട്ടറി അഭിപ്രായം അറിയിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതിയുടെ അതെ ദിവസത്തെ 17 (4) തീരുമാനപ്രകാരം കണ്ടശ്ശാംകടവ് പവലിയനിലെ 4 കടമുറികൾക്ക് Unauthorised നമ്പറുകൾ അനുവദിക്കുന്നതിനും ലേല നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി. പ്രസ്തുത 4 കടമുറികളിൽ രണ്ട് കട മുറികൾ കുടുംബശ്രീ വക കാന്റീൻ, ബോട്ട് സർവ്വീസ് നടത്തിപ്പിനുള്ള ഓഫീസ് എന്നിവ പ്രവർത്തിക്കുന്നതിന് സൗജന്യമായി വിട്ടു നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ ബാക്കിയുള്ള രണ്ട് കടമുറികൾ നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും മേൽ തീരുമാനത്തിൽ പറയുന്നു.
26.4.22 ന് അസിസ്റ്റന്റ് എൻജിനീയർ ഓരോ കടമുറിക്കും തറവിസ്തീർണ്ണം 15.25 ച.മീ വീതം എന്ന് കണക്കാക്കി 4 കടമുറികളുടെ ആകെ തറവിസ്തീർണ്ണം 61 ച.മീ എന്ന് റിപ്പോർട്ട് സമർപ്പിച്ചു. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം കെട്ടിടം 20.5.22 നു പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. പിന്നീട് ടി

കെട്ടിടത്തിന് താഴെ പറയും പ്രകാരം കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്യ. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ പ്ലാനുകളോ അനുബന്ധ വിവരങ്ങളോ സൂക്ഷിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ്വെയർ, വാടക രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	കെട്ടിട ഉടമയുടെ പേര്	വാർഷിക വസ്തുനികുതി	വസ്തു നികുതി അടവാക്കിയ വിവരം	വാടകക്ക് നൽകിയ വിവരം	ലൈസൻസ് നൽകിയ വിവരം
1	17/ 113 എ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	2491/-	1. 2022 ഒന്നാം അർധ വർഷം നികുതിയിളവ് നൽകിയിട്ടുണ്ട് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 (2) പ്രകാരം സർക്കാർ/ സർക്കാറിന്റെ അനുവാദത്തോടെ ഗ്രാമപഞ്ചായത്ത് ഒഴിവാക്കിയിട്ടുള്ള കെട്ടിടം 2. 2022 രണ്ടാം അർധ വർഷം 1220408999/- 31/03/2023 3. 2023 -24 ലെ ഒന്നും രണ്ടും അർദ്ധവർഷങ്ങൾ അടവാക്കാൻ അവശേഷിക്കുന്നുണ്ട്.	വാടക ഈടാക്കുന്നില്ല -	അനുഗ്രഹ കുടുംബശ്രീ കാന്റീൻ എന്ന ലൈസൻസ് എടുത്ത് സ്ഥാപനം പ്രവർത്തിക്കുന്നു. [ലൈസൻസ് ഫീ 500/- 6.8.22]
2	17/ 113 ബി	ഡെപ്യൂട്ടി ഡയറക്ടർ വിനോദ സഞ്ചാര വകുപ്പ്,തൃശ്ശൂർ	2491/-	സെക്ഷൻ 207 (2) പ്രകാരം സർക്കാർ/ സർക്കാറിന്റെ അനുവാദത്തോടെ ഗ്രാമപഞ്ചായത്ത് ഒഴിവാക്കിയിട്ടുള്ള കെട്ടിടം പ്രകാരം കെട്ടിടത്തിന് നികുതി ഒഴിവു നൽകിയിട്ടുണ്ട്	മാസവാടക 8,922/ -	"ബാബേട്ടൻസ് തട്ടുകട" എന്ന സ്ഥാപനം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു. [ലൈസൻസ് ഫീ 500/- 2.9.22]
3	17/ 113 സി	ഡെപ്യൂട്ടി ഡയറക്ടർ വിനോദ സഞ്ചാര വകുപ്പ്,തൃശ്ശൂർ	1493/-	സെക്ഷൻ 207 (2) പ്രകാരം സർക്കാർ/ സർക്കാറിന്റെ അനുവാദത്തോടെ ഗ്രാമപഞ്ചായത്ത് ഒഴിവാക്കിയിട്ടുള്ള കെട്ടിടം പ്രകാരം	മാസവാടക 11,275/-	

				കെട്ടിടത്തിന് നികുതി ഒഴിവു നൽകിയിട്ടുണ്ട്		
4	17/ 113 ഡി	ഡെപ്യൂട്ടി ഡയറക്ടർ വിനോദ സഞ്ചാര വകുപ്പ്,തൃശ്ശൂർ	1493/-	സെക്ഷൻ 207 (2) പ്രകാരം സർക്കാർ/ സർക്കാറിന്റെ അനുവാദത്തോടെ ഗ്രാമപഞ്ചായത്ത് ഒഴിവാക്കിയിട്ടുള്ള കെട്ടിടം പ്രകാരം കെട്ടിടത്തിന് നികുതി ഒഴിവു നൽകിയിട്ടുണ്ട്	വാടക ഈടാക്കുന്നില്ല	വള്ളം കളി ക്ലബ് ഓഫീസ്

താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 20/ 21.9.23) ലഭ്യമാക്കിയിട്ടില്ല.

1. കെട്ടിടങ്ങൾ തീരദേശപരിപാലനനിയമം പാലിക്കുന്നില്ല എന്ന് സൂചിപ്പിച്ചതിൽ ദൂരപരിധിയും മറ്റ് വിവരങ്ങളും ലഭ്യമല്ല. നിയമലംഘനം (തീരത്തിൽ നിന്നുള്ള ദൂരപരിധി ഉൾപ്പടെയുള്ള വിവരത്തോടൊപ്പം) കൃത്യമായി വിശദമാക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ നിർമ്മിച്ച പ്രസ്തുത കെട്ടിടം പണി കഴിപ്പിച്ചത് ടൂറിസം വകുപ്പാണെന്ന് എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ നിർമ്മിതിക്കായുള്ള അനുവാദം (കെട്ടിട നിർമ്മാണ പെർമിറ്റ്) ടൂറിസം വകുപ്പ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3. കെട്ടിടം പണി പൂർത്തികരിച്ച തീയതി സഞ്ചയ പ്രകാരം 20.5.22 ആകുന്നു. പണി പൂർത്തീകരിച്ച സാക്ഷ്യപത്രത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. നിലവിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നതും വ്യക്തമാക്കേണ്ടതാണ്.

4. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 (2) പ്രകാരം സാധാരണ കെട്ടിട നമ്പർ നൽകാതെ "യു. എ." എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്നും രേഖപ്പെടുത്തി കെട്ടിട നമ്പർ നൽകേണ്ടതാണ്. '235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി ഈടാക്കുന്നതിന് വേണ്ടി മാത്രമുദ്ദേശിക്കപ്പെട്ടിട്ടുള്ളതും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമപഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്താൻ പാടില്ലാത്തതാകുന്നു' എന്നിരിക്കെ മേൽ സൂചിപ്പിച്ച കെട്ടിട മുറികൾക്ക് സാധാരണ നമ്പർ നൽകുകയും മറ്റ് സേവനങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

5. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 (2) പ്രകാരം 'നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നല്കപ്പെട്ടതും 235 W വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങളിൽ കച്ചവടത്തിനോ വ്യാപാരത്തിനോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത് അനുമതിയോ ലൈസൻസോ നല്കാൻ പാടുള്ളതല്ല' എന്നിരിക്കെ നിയമനലംഘനത്തോടെ പണിഞ്ഞ കെട്ടിടത്തിന് പഞ്ചായത്ത് സാധാരണ നമ്പർ നൽകുകയും അത് വാടകക്ക് നൽകുകയും തുടർന്ന് ലൈസൻസ് നൽകുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 (2) പ്രകാരം സർക്കാർ/സർക്കാറിന്റെ അനുവാദത്തോടെ ഗ്രാമപഞ്ചായത്ത് ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങളിൽ ഉൾപ്പെടുത്തി നികുതിയിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കേണ്ട 17/113 എ എന്ന കെട്ടിടത്തിന് 2022 ഒന്നാം അർധ വർഷം മാത്രമേ നികുതിയിളവ് നല്കിയിട്ടുള്ളൂ. 2022 രണ്ടാം അർധ വർഷം നികുതി അടവാക്കിയിട്ടുണ്ട്. തുടർന്നും 2023 രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഡിമാൻഡ് ചെയ്യ വരുന്നതായി കാണുന്നു. പിന്നിട് നികുതിയിളവ് നൽകാത്തതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം മൂന്നാം പട്ടികയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിലെ ഒന്നാമത്തെ ചുമതലയായി പറയുന്നത് "കെട്ടിടനിർമ്മാണം നിയന്ത്രിക്കുക" എന്നതാണ്. എന്നാൽ നിലവിൽ പഞ്ചായത്ത് ഉടമസ്ഥത ഏറ്റെടുത്ത മേൽ സൂചിപ്പിച്ച കെട്ടിടം കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് പണി കഴിപ്പിച്ചിട്ടുള്ളതാണ്. 235എഎ(1) പ്രകാരം "നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തീകരിക്കുകയോ അത് 203 ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിലേതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന

തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്"എന്നാണ്.
235എഎ(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും മൂന്നാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും 235W വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ മേൽ പറഞ്ഞ കെട്ടിടത്തിനെതിരെ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-14 അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പണി പൂർത്തീകരിച്ച ഏതാനും കെട്ടിടങ്ങൾ റെഗുലറൈസേഷന് അപേക്ഷിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതും ക്രമവൽക്കരണം നടത്താത്തതുമായ ഇവക്കെതിരെ തുടർനടപടികൾ സ്വീകരിച്ചു വരികയാണെന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച പ്രസ്തുത കെട്ടിടങ്ങൾക്ക് 235 എഎ വകുപ്പ് പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ, ആയതിനെതിരെ സ്വീകരിക്കേണ്ട തുടർനടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തുനികുതിയായി കെട്ടിട ഉടമയിൽ നിന്നും ഈടാക്കണം എന്നതാണ്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ നാളിതു വരെയും സ്വീകരിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രസിഡന്റ്, ഭാരതീയ വിദ്യാ ഭവൻ, കാഞ്ഞാണി എന്നവർ, അപേക്ഷ നം. എസ് സി1/4529/22 തി.18.11.22, പ്രകാരം 136.98 ച.മീ വിസ്തൃതിയിലുള്ള വിദ്യാഭ്യാസ ആവശ്യത്തിനായുള്ള കെട്ടിടം ക്രമവത്ക്കരിക്കുന്നതിനായി അപേക്ഷ നൽകിയിരുന്നതായി കണ്ടു. കെട്ടിടം പണി പൂർത്തീകരിച്ചിരിക്കുന്ന സ്ഥലം (3041 ച.മീ) കൈവശാവകാശ സാക്ഷ്യപത്രം, ഡാറ്റാ ബാങ്ക് എന്നിവ പ്രകാരം നിലവുമാണ്. ആയതിനാൽ നാളിതുവരെയായി ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് നാളിതുവരെയായി ഈ കെട്ടിടത്തെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. 2022-23 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.
ഈടാക്കേണ്ട വസ്തുനികുതി

കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി 136.98 X 3 = 411

വഴിയുടെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് = 82

ആകെ വസ്തുനികുതി = 493/-

ലൈബ്രറി സെസ്സ് (5%) = 25/-
സർവീസ് ചാർജ്ജ് (10%) = 49/-

അനധികൃത കെട്ടിടത്തിന്റെ വസ്തുനികുതി

= 3 X (അടിസ്ഥാന വസ്തുനികുതി)

= 3 X 493 = 1,479/-
അനധികൃത കെട്ടിടത്തിന്റെ ഗ്രന്ഥ വരിസംഖ്യ = 3 X25 = 75/-
അനധികൃത കെട്ടിടത്തിന്റെ സർവീസ് ചാർജ്ജ് = 3 X 49 = 147/-

2. താഴെ പറയുന്ന കെട്ടിടങ്ങൾ തീരദേശനിയമലംഘനം നടത്തി പണി കഴിപ്പിച്ചതായും ഇവ വാടകക്ക് നൽകിയതായും കാണുന്നു. കെട്ടിടങ്ങളുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
എ) ഫയൽ നമ്പർ/തീയതി : SC-4 2608 / 22/ 12.9.22
വില്ലേജ് : കാരമുക്ക്
സർവേ നമ്പർ : വാർഡ് നമ്പർ -19 ൽ 716 /2
കെട്ടിട ഉടമയുടെ പേര് : കൊട്ടേക്കാട് മധുസൂദനൻ
മേൽ സൂചിപ്പിച്ച കെട്ടിടം പൊളിച്ചു നീക്കുന്നതിനായി 30.6.22 ന് പഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടും പിന്നീടും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ബി) ഫയൽ നമ്പർ/തീയതി : SC-4 2607/22/12.9.22
വില്ലേജ് : കാരമുക്ക്

സർവേ നമ്പർ : വാർഡ് നമ്പർ -19 ൽ 719 /2

കെട്ടിട ഉടമയുടെ പേര് : കൊട്ടേക്കാട് മിനി

മേൽ സൂചിപ്പിച്ച കെട്ടിടം പൊളിച്ചു നീക്കുന്നതിനായി 30.6.22 ന് പഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടും പിന്നീടും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

സി) ഫയൽ നമ്പർ/തീയതി : SC-4 2606/22/12.9.22

വില്ലേജ് : കാരമുക്ക്

സർവേ നമ്പർ : വാർഡ് നമ്പർ -19 ൽ 716/5

കെട്ടിട ഉടമയുടെ പേര് : കൊട്ടേക്കാട് കൗസല്യ

മേൽ സൂചിപ്പിച്ച കെട്ടിടം പൊളിച്ചു നീക്കുന്നതിനായി 30.6.22 ന് പഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടും പിന്നീടും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ പഞ്ചായത്ത് സ്വീകരിച്ച നടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച് കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരം ഈടാക്കേണ്ട വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-15 പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് തെറ്റായ രീതിയിൽ എഴുതി സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-08 – AV- 8475 ബൊലേറോ, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളായ KL 08 BA 7043 ടിപ്പർ എന്നിവയുടെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. KL-08 – AV- 8475 മഹീന്ദ്ര ബൊലേറോ

മാസാന്ത്യ സംക്ഷിപ്തം തെറ്റായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ മഹീന്ദ്ര ബൊലേറോയുടെ ഫെബ്രുവരി 2023 ലെ മാസത്തെ സംക്ഷിപ്ത പ്രകാരം ഇന്ധന ബാക്കിയായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 105.4539 L എന്നാണ്. തുടർന്ന് മാർച്ച് 2023 ലെ മാസാന്ത്യ സംക്ഷിപ്തത്തിൽ മുൻബാക്കിയായി 105.4539 L എന്നതിന് പകരം ഇന്ധന അളവ് 50.2748 L എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 55 ലീറ്റർ ഇന്ധനം കുറവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തിയിട്ടും മേലധികാരികൾ ആയത് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുമുണ്ട്. ഇന്ധനത്തിന്റെ കണക്കുകൾ വിശ്വസനീയമല്ലെന്നും രേഖകളും ലോഗ്ബുക്കും തമ്മിൽ കൃത്യമായ പരിശോധനകൾ നടക്കുന്നില്ലെന്നും ഇത് വ്യക്തമാക്കുന്നു. ഇക്കാര്യങ്ങൾക്ക് വാഹനത്തിന്റെ നിയന്ത്രണാധികാരി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. KL 08 BA 7043 ടിപ്പർ

മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വാഹനങ്ങളുടെ ഇന്ധനക്ഷമത സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല. അപാകത പരിഹരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3. 17.3.23 ലെ 22201305 എന്ന വൗച്ചർ പ്രകാരം പവലിയനിലേക്ക് 531/- രൂപയ്ക്ക് 5 ലിറ്റർ ഡീസൽ സമൃദ്ധി ഫ്യൂവൽസ് എന്ന സ്ഥാപനത്തിൽ നിന്നും (ബിൽ നമ്പർ – 3625/ 25 .2. 23) വാങ്ങി നൽകിയിട്ടുണ്ട്. പവലിയനിൽ എന്ത് ഉപയോഗത്തിലേക്കാണ് ഇന്ധനം വാങ്ങി നൽകിയതെന്ന് കൃത്യമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4. മേൽ പറഞ്ഞ വാഹനങ്ങളുടെ ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് അന്വേഷണം നം.24/23.09.23)

1-16 ലീഗൽ ചാർജ്ജിനത്തിൽ നൽകിയ മുഴുവൻ തുകയുടെയും ആദായ നികുതി കുറവ് ചെയ്തിട്ടില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2022-23 വർഷത്തിൽ അഡ്വ. രാജ് കുമാർ കെ. പി, അഡ്വ. വി. എൻ ഹരിദാസ് എന്നയാൾക്ക് താഴെ പറയും പ്രകാരം ഫീസ് നൽകുയതിൽ ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

ക്രമ നം.	വൗച്ചർ നം./തീയതി	തുക
1	42200177തീയതി.2/06/2022	46,000/-

2. അഡ്വ. വി.എൻ ഹരിദാസ്

ക്രമ നം.	വൗച്ചർ നം./തീയതി	തുക
1	42200441 തീയതി.4/08/2022	21,500/-
2	42200514 തീയതി.31/08/2022	12,000/-
3	42200515 തീയതി.31/08/2022	500/-
4	42201001 തീയതി.2/02/2023	8,500/-
5	42201040 തീയതി.21/02/2023	12,500/-
	ആകെ	55,000

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് 10% ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം. നം. 26/23.09.23)

1-17 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ്വെയറിലും 2022-23 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കേരള സർക്കാർ നൽകുന്ന സാമൂഹ്യസുരക്ഷ പെൻഷനുകളിലേക്ക് എൻറോൾമെന്റ് നടത്തുക മരണം സംഭവിച്ചവരെ, അനർഹരെ പട്ടികയിൽ നിന്നും ഒഴിവാക്കുക എന്നീ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൗണ്ടിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവുകളും സർക്കുലറുകളും ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിരുന്നു (സ.ഉ (എം.എസ്) നം.-97/2020 തീ.23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന). എന്നാൽ ഈ ഉത്തരവുകളും സർക്കുലറുകളും പാലിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ മണലൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ട് ആക്ടീവ് ആയി തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മരണപ്പെട്ട സേവന പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ തുകയായ 1600/- വീതം പ്രതിമാസം അനർഹമായി വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.	മരണ സെർട്ടിഫിക്കേറ്റ് പ്രകാരം രജിസ്ട്രേഷൻ നമ്പർ/മരിച്ച തീയതി	അനർഹമായ കാലയളവ്	അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (മാസം 1600/- വീതം)

1	റോസ	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ	107540600070	14.1.23	2/23 മുതൽ 6/23 വരെ നൽകി	8,000/-
2	സതി	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ (ആക്ടിവ്)	107620600911	36 / 23 31.1.23	2 /23 മുതൽ 6 /23 വരെ നൽകി	8,000/-
3	തങ്കപ്പൻ	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (ആക്ടിവ്)	107630200347	38/23 2.3.23	4/23 മുതൽ 6/23 വരെ നൽകി	4,800/-
4	അമ്മു	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ (ആക്ടിവ്)	107630600079	41/23 1.3.23	4/23 മുതൽ 6/23 വരെ നൽകി	4,800/-
5	മീനാക്ഷി കെ. വി	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (ആക്ടിവ്)	107630203241	43/23 7.3.23	3/23 മുതൽ 6/23 വരെ നൽകി	6,400/-
6	തങ്ക പി. എൻ	50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ (ആക്ടിവ്)	107460500014	50/23 7.3.23	4/23 മുതൽ 6/23 വരെ നൽകി	4,800/-
7	സരോജിനി എം. വി	കർഷക തൊഴിലാളി പെൻഷൻ (ആക്ടിവ്)	107630100739	51/23 12.2.23	3/23 മുതൽ 6/23 വരെ നൽകി	6,400/-
8	നാരായണൻ	ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം(ആക്ടിവ്)	107630400434	63/23 16.4.23	5/23 മുതൽ 6/23 വരെ നൽകി	3,200/-
9	കുഞ്ഞില അന്തോണി	(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) (ആക്ടിവ്)	107630600545	64/23 21.4.23	5/23 മുതൽ 6/23 വരെ നൽകി	3,200/-
അനർഹമായ കാലയളവിൽ വിതരണം ചെയ്ത ആകെ തുക						49600/-

അധികം നൽകിയ തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് അടവാക്കേണ്ടതാണ്.

2022-23 വർഷം മരണമടഞ്ഞ മുഴുവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും പരിശോധന നടത്തി അനർഹമായി നൽകിയ തുക മുഴുവനും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തിരിച്ച് അടവാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

2) സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ. 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിനോടൊപ്പമുള്ള ലിസ്റ്റിൽ മണലൂർ ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

ക്രമ നമ്പർ	പേര്	പെൻഷൻ ഐഡി	പെൻഷൻ വിതരണം തുടങ്ങിയ തീയതി
1	തങ്കമ്മു അമ്മ	107630100068	1.1.2008
2	സുധ വേലായുധൻ	107630101387	1.10.2016
3	പദ്മിനി വി.ആർ.	107630201081	1.1.2014
4	ശാന്ത രാമൻകുട്ടി	107630201296	28.12.2013
5	വരിദ് ടി. ടി.	107630201486	1.9.2016
6	ലളിതാ ഭായി ഇ. കെ.	107630201546	25.1.2014
7	സരസു വേലായുധൻ	107630201788	1.9.2015
8	ശോഭിനി വിനോദൻ	107630600238	1.1.2008
9	ശ്യാമള	107630601471	1.5.2015
10	ശാലിനി എൻ. ആർ.	107630601524	1.2.2016
11	അജിത അശോകൻ	107630601599	1.11.2016
12	പങ്കജാക്ഷി	107630500195	4.8.2018

മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്ന് അനർഹമായ കാലയളവിൽ നൽകിയ തുക തിരിച്ചു പിടിക്കാൻ തുടർ നടപടികൾ സ്വീകരിക്കുകയും ആയത് തിരിച്ചു പിടിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഗുണഭോക്താക്കൾക്ക് തിരിച്ചടവാക്കാൻ നിർദ്ദേശിച്ചുകൊണ്ട് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം. 10/20.09.23)

1–18 വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകൾക്കായി 2022–23 വർഷം 12 മാസത്തേക്ക് വാട്ടർചാർജ്ജ് ഇനത്തിൽ ₹22,20,603/- ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും അല്ലാത്തതുമായ ടാപ്പുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതോറിറ്റിയുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലേയും സംയുക്ത പരിശോധന പൂർത്തിയാക്കി പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായി വെള്ളക്കരം ഒടുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സംയുക്ത പരിശോധന നടത്തേണ്ടതും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിനനുസൃതമായി മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം.നം. 27/23.09.23)

1–19 തെരുവ് വിളക്ക് വൈദ്യുതി ചാർജ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

തെരുവ് വിളക്ക് വൈദ്യുതി ചാർജ് എന്ന ഇനത്തിന്റെ ലെഡ്ജർ പ്രകാരം 2022–23 വർഷത്തിൽ പഞ്ചായത്തിൽ തെരുവുവിളക്ക് വൈദ്യുതി ചാർജിനത്തിൽ ആകെ 15,55,439 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക മീറ്റർ ഘടിപ്പിച്ചതും ഘടിപ്പിക്കാത്തതുമായ തെരുവ് വിളക്കുകളുടെയും മിനി മാസ്റ്റ് വിളക്കുകളുടെയും ആകെ വൈദ്യുതി ചാർജ്ജാണ്.
കെ.എസ്.ഇ.ബി നൽകിയ മാർച്ച് 2023 ലെ വൈദ്യുതി ബില്ലിന്റെ ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
ബിൽ നമ്പർ – ചേർത്തിട്ടില്ല.
ബിൽ തീയതി – ചേർത്തിട്ടില്ല.
വൈദ്യുതി ഉപഭോഗ വിവരങ്ങൾ (മീറ്റർ റീഡിങ് ഉൾപ്പടെ) – ചേർത്തിട്ടില്ല.
അടക്കേണ്ട തുക – 1,23,834/-
ബില്ലിനോടൊപ്പം സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 36 എണ്ണം മീറ്റർ ഘടിപ്പിച്ച തെരുവ് വിളക്കുകളുടെയും, 21 എണ്ണം മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെയും 2/2023 ലെ ബിൽ തുകയായ 1,23,834/- രൂപയാണ് നൽകിയിട്ടുള്ളത് (വൗച്ചർ

നമ്പർ : 22201273/10.03.2023).

മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഈടാക്കാൻ ഉപയോഗിക്കുന്ന നിരക്കുകളുടെ അടിസ്ഥാനം, കൃത്യമായ വൈദ്യുതി ഉപയോഗ വിവരങ്ങൾ രേഖപ്പെടുത്താതെ കെ. എസ്. ഇ. ബി നൽകിയ വൈദ്യുതി ബില്ലിന്റെ ഡിമാൻഡ് നോട്ടീസിനു തുക അടവാക്കിയതിന്റെ അടിസ്ഥാനം, KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം.നം. 23/23.09.23) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ മേൽ പരാമർശിച്ച അപാകങ്ങൾ സാധൂകരിക്കുന്ന രേഖകൾ/വിവരങ്ങൾ ലഭ്യമാക്കേണ്ടതും KSEB യുമായി സംയുക്ത പരിശോധന നടത്തി എല്ലാ തെരുവു വിളക്കുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-20 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിയ്ക്കൽ-ഗ്രാന്റിൽ നിന്നുള്ള ചെലവുകളിൽ ഉൾപ്പെട്ടില്ല

1 (എ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിച്ച് നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വാർഷിക ധനകാര്യ പത്രിയിൽ രേഖപ്പടുത്തിയിരിക്കുന്ന ചെലവ് തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പരും പേരും	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ ചെലവ് പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വിനിയോഗിച്ച തുക	വാർഷിക കണക്കിൽ ചെലവ് ബുക്ക് ചെയ്ത ശീർഷകം	വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക	വൗച്ചർ നം./തീയതി	ഗ്രാന്റ് സ്റ്റേറ്റ് മെന്റിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിലുള്ള വ്യത്യാസം (കോളം നം. 3 -5)
1	2	3	4	5	6	7
1	47/23-സൗഹാർദ്ദ റോഡ് പൈപ്പ് ഡ്രെയിൻ നിർമ്മാണം വാർഡ് 12	1,04,512	252110005 | Roads-Drainage Renovation	1,02,646	42200324/11-07-2022	1,866
2	54/23-കണ്ടശ്ശാംകടവ് പവലിയനിൽ വാട്ടർ എ.ടി.എം. സ്ഥാപിക്കൽ	5,99,000	414120004 - Public Drinking Water Programmes- Other Water Sources	5,72,258	42200323/11-07-2022	26,742
3	55/23-കണ്ടശ്ശാംകടവ് ബോട്ട് ജെട്ടി-ഇ ടോയ് ലറ്റ് സ്ഥാപിക്കൽ	7,79,520	414130001 - Public Programmes-Toilet	7,21,520	42200321/11-07-2022	58,000
4	44/23-പൂവ്വശ്ശേരി കുളം നവീകരണം വാർഡ് 18	17,59,586	250102202 - Water Conservation-Water Conservation- Lake Maintenance	7,12,966	42200320/11-07-2022	
				3,75,257	42200456/16-08-2022	67,047

	250102015 - Irrigation-Others-Maintenance Of Ponds For Irrigation	6,04,316	42201184 / 31-03-2023	
ആകെ വ്യത്യാസം				1,53,655

മേൽ പട്ടികയിലെ പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും നിയമപ്രകാരമുള്ള റിക്കവറി തുകകൾ പൂർണ്ണമായും ചെലവിൽ രേഖപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണം. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

ബി) മേൽ ഖണ്ഡികയിലെ പട്ടിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് തുകയിലെ വ്യത്യാസം ₹1,53,655/- ആണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ മറ്റ് പ്രൊജക്ടുകളുടെ ചെലവുകളിൽ വ്യത്യാസമില്ല. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ സ്റ്റേറ്റമെന്റിലെയും വാർഷിക കണക്കിലെയും ആകെ ധനകാര്യ കമ്മീഷൻ ചെലവ് തുകയിലെ വ്യത്യാസം ₹26,206/- മാത്രമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സുലേഖ ചെലവ് പത്രിക/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള ചെലവ് (ട്രഷറി+ബാങ്ക്)	ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 ലെ ശീർഷകം	തുക	വ്യത്യാസം
77,88,418	160100104- Development Fund-Central Finance Commission Grant- Basic Grant	27,29,612	
	160100109- Development Fund-Central Finance Commission Grant- Performance Grant	9,52,544	
	160100111- Development Fund-Central Finance Commission Grant- Tied Fund	40,80,056	
		77,62,212	26,206

പ്രൊജക്ടുകളിലെ ചെലവ് വ്യത്യാസം ആകെ ചെലവിൽ പ്രതിഫലിക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (ബേസിക് & ടൈഡ്) നിന്നുള്ള പദ്ധതിച്ചെലവുകൾ വാർഷിക ധനകാര്യ പത്രിക, സുലേഖ/ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്/ബാങ്ക് സ്റ്റേറ്റ് മെന്റ് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ട്രഷറി /ബാങ്ക്	വാർഷിക ധനകാര്യ പത്രിക (ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ ഐ-6 പ്രകാരം	സുലേഖ സ്റ്റേറ്റ്മെന്റ് / ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിയ്ക്കൽ (നം.268101000234 IFSC: ICICO002681)
ബാങ്ക്	68,09,668	68,35,874	69,37,594
ട്രഷറി	9,52,544	9,52,544	-
ആകെ	77,62,212	77,88,418	

1. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ് മെന്റ് നിക്കിയിരിപ്പും ടി അക്കൗണ്ടിന്റെ ഐ.എൽ.ജി.എം.എസ് ബാങ്ക് ബുക്ക് പ്രകാരമുള്ള നിക്കിയിരിപ്പും പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ ടി ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള ആകെ പണം പിൻവലിയ്ക്കലുകളും ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ സുലേഖ ചെലവ് പത്രിക/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും

പൊരുത്തപ്പെടുന്നില്ല (വ്യത്യാസം ₹1,01,720 (69,37,594-68,35,874). ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 2022-23 ൽ ആകെ പിൻവലിച്ച (ചെലവ് ചെയ്ത) 69,37,594/- രൂപയിൽ 2,94,440/- രൂപ പിൻവലിച്ചിരിക്കുന്നത് മരാമത്ത്പ്രവൃത്തികളുടെ റിക്കവറികൾ (ഇൻകം ടാക്സ്, ജി.എസ്.ടി-ടി.ഡി.എസ്., നിർമ്മാണത്തൊഴിലാളി വിഹിതം മുതലായവ) അടവാക്കുന്നതിനാണ്. ബാങ്ക് ബുക്ക് പ്രകാരം അതത് റിക്കവറി ഇനങ്ങളുടെ (ബാധ്യത) ശീർഷകങ്ങളിലാണ് മേൽ ചെലവുകൾ വരുത്തിയിരിക്കുന്നത്. എന്നാൽ 2022-23 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് & ടൈഡ്) ഉപയോഗിച്ച് നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ (പ്രൊ.നം.44/23, 09/23, 55/23, 54/23, 47/23, 202/23, 203/23) മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരം ആകെ റിക്കവറികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പരും പേരും	ആകെ പ്രവൃത്തി മൂല്യം	I.T.-TDS	KCWWF	CGST	SGST	Retention	ആകെ കിഴിവുകൾ
1	44/23-പൂവ്വശ്ശേരികുളം നവീകരണം -Ist & Part Bill	675797	6758	6758	6758	6758	16895	43927
2	44/23-പൂവ്വശ്ശേരികുളം നവീകരണം -IInd & Part Bill	355693	3557	3557	3557	3557	8892	23120
3	44/23-പൂവ്വശ്ശേരികുളം നവീകരണം -3rd & Final Bill	512132	5121	5121	5122	5122	-	20486
4	09/23- മഴക്കാല പൂർവ്വ ശുചികരണം-നിർച്ചാലുകൾ വൃത്തിയാക്കൽ	97894	979	979	-	-	-	1958
5	55/23-കണ്ടശ്ശാംകടവ് ബോട്ട് ജെട്ടി ഇ-ടോയ് ലറ്റ്	1160000	23200	11600	11600	11600	-	58000
6	54/23-കണ്ടശ്ശാംകടവ് പവലിയനിൽ വാട്ടർ എ.ടി.എം സ്ഥാപിക്കൽ	534821	10696	5349	5349	5349		26743
7	47/22-സൗഹാർദ്ദ റോഡ് പൈപ്പ് ലൈൻ ഡ്രെയിനേജ്	93314	933	933	-	-	-	1866
8	202/23-മഴക്കാല പൂർവ്വ ശുചീകരണം-നീർച്ചാലുകൾ വാർഡ് 11, 12 ,18	98801	988	988	-	-	-	1976
9	203/23-	292875	5858	2929	2929	2929	-	14645

	മഴക്കാല പൂർവ്വ ശുചികരണം- നിർച്ചാലുകൾ വൃത്തിയാക്കൽ- വാർഡ് 3,4,5							
	ആകെ							192721

തൻവർഷ പ്രൊജക്ടുകളിൽ നിന്നുള്ള റിക്കവറിയിനത്തിൽ 1,92,721/- രൂപ മാത്രമാണ് വരുന്നത്. അധികമായി പിൻവലിച്ച 1,01,719/- രൂപ (2,94,440-1,92,721) ഏതെല്ലാം പ്രൊജക്ടുകളുമായി ബന്ധപ്പെട്ടതാണെന്ന് അറിയിക്കേണ്ടതാണ്. ടി തുകയിൽ മുൻവർഷത്തെ പ്രൊജക്ടുകളുടെ റിക്കവറികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ടി ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ/ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്പിൽ ഓവർ ചെലവുകളായി ഉൾപ്പെടാതിരുന്നത് എന്ത് കൊണ്ടാണെന്നും അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 9/20.09.2023)

1-21 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ടിന്റെ പേരും നമ്പറും	140/23- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി 2022-23
നടപ്പാക്കിയ വർഷം	2022-23
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജ്ജൻ
ചെലവഴിച്ച തുക	10,00,000/- (വികസന ഫണ്ട്(ജനറൽ)) (വൗച്ചർ നം. 42201312/05.01.23- ₹5,00,000 42201370/15.02.23- ₹5,00,000)

1. വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 12,500/- രൂപ നിരക്കിൽ (സംസ്ഥാന വിഹിതം ഉൾപ്പെടെ) 80 ഗുണഭോക്താക്കൾക്കായി 10,00,000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പൂർത്തികരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രൊജക്ടിന്റെ വ്യക്തിഗത നാൾ വഴി രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ഏതാനും ഗുണഭോക്താക്കൾ പ്രൊജക്ട് നിർവ്വഹണ വേളയിൽ ഒഴിവായതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പേര്	പദ്ധതിയിൽ എൻറോൾ ചെയ്ത തീയതി	എത്ര തവണ കാലിത്തീറ്റ കൈപ്പറ്റി എന്ന്
1	സുനിത, വടശ്ശേരി, മണലൂർ	മണലൂർ	25/01/2023	5 തവണ
2	സ്മിത കിഷോർ, പൊറ്റേക്കാട്, മണലൂർ	,,	,,	ഒറ്റത്തവണ മാത്രം
3	വിധു, കാരണാത്ത്	,,	28/02/2023	കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല.

മേൽ ഗുണഭോക്താക്കൾക്ക് അടവാക്കിയ സബ്സിഡി തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം. 19/21.09.23)

1-22 ഇടവിളകൃഷി പ്രോത്സാഹനം (വനിത)-400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	154/23
അടങ്കൽ	2,28,000/- വികസന ഫണ്ട്.

	1,72,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് കമ്മീഷൻ ---------- 4,00,000/-
ചെലവ്	1,72,000/- വൗച്ചർ നം.-22201113/19.01.'23 2,28,000/- വൗച്ചർ നം.-42201323/18.01.'23

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചേമ്പ്, ചേന, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ എന്നിവയടങ്ങിയ ഇടവിളകൃഷി കിറ്റിന്റെ വിതരണം നടത്തിയ പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 1000 പേർക്ക് ഇടവിളകിറ്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് കമ്പനി ലിമിറ്റഡിൽ നിന്നും 1000 എണ്ണം 400/- രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിൽ നിന്നും നല്കിയ ഗുണഭോക്തൃലിസ്റ്റിൽ 567 പേരെയാണ് ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുള്ളത്. പിന്നീട് 14.03.2023 ലെ തീരുമാനം നമ്പർ2(1) പ്രകാരം 46 ഗുണഭോക്താക്കൾക്കു കൂടി ആനുകൂല്യം നല്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. ആകെ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ 613 പേർ ആയിരിയ്ക്കെ 1000 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയത് എപ്രകാരമാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

2) പരിശോധനയ്ക്ക ഹാജരാക്കിയ അപേക്ഷകളിൽ ഓരോ ഗുണഭോക്താവിനും എത്ര ഇടവിളകിറ്റ് നല്കാമെന്നുള്ള കൃഷി ഓഫീസറുടെയോ കൃഷി അസിസ്റ്റന്റിന്റേയോ ശുപാർശ ഉള്ളതായി കാണുന്നില്ല. 28.05.2022 ലെ സ.ഉ.115/22ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖയിൽ കൃഷിസ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിത്തുകളുടെ അളവും തുകയും തീരുമാനിയ്ക്കണ്ടതാണ് എന്ന് നിഷ്കർഷിയ്ക്കുന്നുണ്ട്. എന്നാൽ ഈ മാനദണ്ഡം പാലിയ്ക്കാതെ എല്ലാവർക്കും (അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും) ഇടവേള കൃഷി കിറ്റ് നല്കിയതിന്റെ കാരണം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.25/'23തീയതി-23.09.'23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ നിലനില്ക്കുന്നതിനാൽ ചെലവുതുക 4,00,000/- തടസ്സപ്പെടുത്തുന്നു.

1-23 തുക മുൻകൂർ നൽകിയിട്ടും നാളിതു വരെ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ 12/23 പെയിൻ-പാലിയേറ്റീവ് പ്രൊജക്ട് പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 3624001800000019 IFSC: PUNB0362400) താഴെ പറയും പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊഫോർമ ഇൻവോയ്സ് നമ്പർ/തീയതി	വൗച്ചർ നം. തീയതി	ഫണ്ടിനം	തുക
PRF 4351/09.02.23	22201214/24.02.23	തനത് ഫണ്ട്	3,19,000/-
PRF 4831/27.02.23	42201451/27.03.23	തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വിഹിതം	1,72,213/-
PRF 3900/25.01.23	22201425/31.03.23	അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1,49,996/-
		ആകെ	6,41,209/-

മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.12/20.09.23).

1-24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മണലൂർ ഗ്രാമപഞ്ചായത്തിലെ ആയുഷ് ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഹോംകോ യ്ക്ക് മുൻകൂർ തുക കൈമാറിയെങ്കിലും ഫയൽ പ്രകാരം മുഴുവൻ മരുന്നുകളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പറും	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (19/23)
നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്	മെഡിക്കൽ ഓഫീസർ (ഹോമിയോ)
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)
ചെലവഴിച്ച തുക	3,00,000/-
വൗച്ചർ നം./തീയതി	42201262/21.10.22
പ്രൊഫോർമ ഇൻവോയ്സ് നം.	PF-38/08.06.2022
ലഭിച്ച മരുന്നുകളുടെ മൂല്യവും ടാക്സ് ഇൻവോയ്സ് നമ്പരും	1,49,213 (LF 491/10.07.2023)
ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ മൂല്യം	1,50,787

മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ഹോംകോയും നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ഗവ. ഹോമിയോ ഡിസ്പെൻസറി, വെങ്കിടങ്ങ് (മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്) എന്നവരുമായുള്ള കരാർ പ്രകാരം (കരാർ നം.HCO/SA/248/2022 Dt.02/12/22) മരുന്നുകൾ ലഭ്യമാക്കേണ്ട കാലപരിധി എന്നത് തുക നൽകി 9 മാസത്തിനുള്ളിലാണ്. ഹോംകോയ്ക്ക് തുക കൈമാറിയത് 26.10.22 നാണ് (യു.ടി.ആർ നം.RBI3002212033992). ആയത് പ്രകാരം 26.07.2023 നുള്ളിൽ മുഴുവൻ മരുന്നുകളും ലഭിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല. മരുന്നുകൾ മുഴുവൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് സ്റ്റോക്കിലെടുത്ത് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.1/16.09.23)

1-25 വിവിധ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ സുലേഖേ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ മുഴുവൻ ചെലവുകളും സുലേഖേ/ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിക്കൽ ഓഫിസർ, എഫ്.എച്ച്.സി നടപ്പാക്കിയ പ്രോജക്ട് നം.12/23 പെയിൻ -പാലിയേറ്റീവ് പദ്ധതി (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)യുടെ അടങ്കൽ ₹2,00,000/- രൂപയുംചെലവു തുക പൂജ്യവുമാണ്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം ചെലവ് ₹1,49,996/- യാണ്.

2. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മണലൂർ സർക്കിൾ നടപ്പാക്കിയ പ്രോജക്ട് നം. 64/23 പ്രകാരം അടങ്കൽ ₹3,93,951/- രൂപയും (സംസ്ഥാനാവിഷ്കൃത ഫണ്ട്) ചെലവ് ₹3,65,000/- ആണ്. ഹാജരാക്കിയ രേഖകൾ പ്രകാരം ചെലവ് ₹3,75,000/- യാണ്. അധികമായി വന്ന ചെലവു തുക₹10,000/- സുലേഖ/ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ചെലവു വിവരങ്ങൾ സുലേഖാ/ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.11/20.09.23).

1-26 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതി-വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 188/23 കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ഫണ്ട് എന്ന പ്രൊജക്ട് പ്രകാരം 2,00,000/-രൂപ (വൗച്ചർ നമ്പർ 42201468/28.03.23 -വികസന ഫണ്ട്-ജനറൽ) എക്സികൃട്ടീവ്

ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ, തിരുവനന്തപുരം എന്ന നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. ആയത് പൂർത്തിയാകുന്ന മുറക്ക് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.13/20.09.23).

1-27 അമൃതം ഫുഡ്, കുമാരി പ്ലസ്, പോഷകം, മോണിംഗ് സ്നാക്ക് എന്നീ ഉത്പന്ന വിതരണക്കാരിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 4/23 അങ്കണവാടി പോഷകാഹാരം, 56/23 അങ്കണവാടി പോഷകാഹാരം (സ്പിൽ ഓവർ) എന്നീ പ്രോജക്ടുകളിൽ അമൃതം ഫുഡ് സപ്ലിമെന്റ്, ശ്രീശൈലം ന്യൂട്രിപ്രൊഡക്ട്സ്, കൊരട്ടി, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഫുഡ്, കുമാരി പ്ലസ്, പോഷകം, മോണിംഗ് സ്നാക്ക് എന്നീ ഉൽപന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

ക്രമ നം.	ഉത്പന്നം	ഇൻവോയ്സ് നം.	തിയതി	നികുതി ഒഴികെയുള്ള തുക	CGST@ 2.5%	SGST @ 2.5%	നികുതി ഉൾപ്പെടെയുള്ള തുക	വൗച്ചർ നം.	തിയതി
1	അമൃതം	98	15.01.22	61530	1538.25	1538.25	64606.50	42201224	21.06.22
2	അമൃതം	110	20.02.22	71260	1781.50	1781.50	74823		
3	കുമാരി പ്ലസ്	111	20.02.22	24400	610	610	25620		
4	പോഷകം	111	20.02.22	20400	510	510	21420		
5	മോണിംഗ് സ്നാക്ക്	111	20.02.22	14960	374	374	15708		
6	അമൃതം	119	14.03.22	60690	1517.25	1517.25	63724.50		
7	കുമാരി പ്ലസ്	120	14.03.22	24000	600	600	25200		
8	പോഷകം	120	14.03.22	22000	550	550	23100		
9	മോണിംഗ് സ്നാക്ക്	120	14.03.22	14880	372	372	15624		
10	കുമാരി പ്ലസ്	99	15.01.22	24400	610	610	25620		
11	പോഷകം	99	15.01.22	21000	525	525	22050		
12	മോണിംഗ് സ്നാക്ക്	99	15.01.22	13600	340	340	14280		
13	അമൃതം	96	15.11.22	66150	1653.75	1653.75	69457.50		
14	കുമാരി പ്ലസ്	97	15.11.22	18880	472	472	19824		
15	ബാലാമൃതം	98	15.11.22	9600	240	240	10080		
16	അമൃതം	22	26.12.22	42210	1055.25	1055.25	44320.50	42201411	15.03.23
17	അമൃതം	35	30.01.23	59290	1482.25	1482.25	62254.50		
18	അമൃതം	54	25.03.23	63700	1592.50	1592.50	66885	22201056	28.03.23
19	അമൃതം	47	21.02.23	46830	1170.75	1170.75	49171.50		
				679780	16994.50	16994.50	713769		

